**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാൻ കാര്യാലയം - ജീവനക്കാര്യം –മലപ്പുറം അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിലെ ജൂനിയർ സൂപ്രണ്ടായ ശ്രീമതി.ആർ.സോഫിയയുടെ തിരുവനന്തപുരം തദ്ദേശ സ്വയംഭരണ ഓംബുഡ്സ്മാൻ കാര്യാലയത്തിലെ അസിസ്റ്റന്റ് തസ്തികയിലുള്ള അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം. 3267/2018/തസ്വഭവ.** **തിരുവനന്തപുരം, തീയതി: 29/12/2018**

---

പരാമർശം:- (1) 10.05.2013 തീയതിയിലെ 42/2013/Fin നം. സർക്കുലർ
(2) 26.11.2013 തീയതിയിലെ സ.ഉ.(പി) നം. 580/2013/Fin നം. കത്ത്
(3) 1/12/2015 ലെ സ.ഉ.(സാധാ) നം.3582/2015/ തസ്വഭവ
(4) 13/01/2017 ലെ സ.ഉ.(സാധാ) നം.114/2017/തസ്വഭവ
(5) 22/12/2017 ലെ സ.ഉ.(സാധാ) നം.4154/2017/തസ്വഭവ
(6) തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാൻ കാര്യാലയത്തിലെ സെക്രട്ടറിയുടെ 11/2018 ലെ A1/1885/2015/OBDN നം. കത്ത്

**ഉത്തരവ്**

തിരുവനന്തപുരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാൻ കാര്യാലയത്തിലെ സെക്രട്ടറിയുടെ ഓഫീസിൽ അസിസ്റ്റന്റ് ആയി അന്യത്രസേവനമനുഷ്ഠിച്ചു വരുന്ന മലപ്പുറം അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിലെ ജൂനിയർ സൂപ്രണ്ടായ ശ്രീമതി.ആർ.സോഫിയയുടെ അന്യത്രസേവന കാലാവധി 22.12.2018 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചു നല്കണമെന്ന് പരാമർശം (6) ലെ കത്ത് പ്രകാരം ഓംബുഡ്സ്മാൻ കാര്യാലയത്തിലെ സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു തിരുവനന്തപുരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാൻ കാര്യാലയത്തിലെ സെക്രട്ടറിയുടെ ഓഫീസിൽ അസിസ്റ്റന്റ് ആയി പരാമർശം (3), (4), (5) എന്നിവ പ്രകാരം അന്യത്രസേവനമനുഷ്ഠിച്ചു വരുന്ന ശ്രീമതി ആർ സോഫിയയുടെ അന്യത്രസേവനകാലം കേരള സർവ്വീസ് റൂൾസ് ഭാഗം 1 ചട്ടം 140(സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 22.12.2018 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**ശ്രീകല സി.എസ്.**
**ഗവൺമെന്റ് ഡെപ്യൂട്ടി സെക്രട്ടറി**

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാൻ കാര്യാലയം, തിരുവനന്തപുരം
ബന്ധപ്പെട്ട വ്യക്തിക്ക് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം )
പഞ്ചായത്ത് ഡയറക്ടർ ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**